"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ് ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമാരാജേശ്വരി. എം എന്നിവർ സമർപ്പിച്ച അപ്പീൽ ഹർജികൾ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**393/2026/TAXES** തീയതി,തിരുവനന്തപുരം, **28-04-2026**

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ **20.06.2025**-ലെ **EXC/2168/2024-XE4** നമ്പർ നടപടിക്രമം
2. ശ്രീ. രാജേഷ് ആർ, ശ്രീമതി ഉമാരാജേശ്വരി. എം എന്നിവർ യഥാക്രമം **02.11.2025, 03.11.2025** തീയതികളിൽ സമർപ്പിച്ച അപ്പീൽ ഹർജികൾ
3. എക്സൈസ് കമ്മീഷണറുടെ **11.11.2025**-ലെ **EXC/2168/2024-XE4** നമ്പർ കത്ത്.
4. **16.02.2026**-ലെ സ.ഉ.(സാധാ)നം.**180/2026**/നികുതി

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ശ്രീമതി ദേവി എന്ന സ്ത്രീ മദ്യക്കച്ചവടം നടത്തുന്നത് സംബന്ധിച്ച് വിവരം കിട്ടിയിട്ടും ടി അനധികൃത മദ്യ കച്ചവടം നിയന്ത്രിക്കുന്നതിനോ കേസ് കണ്ടു പിടിക്കുന്നതിനോ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി, എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.രാജേഷ് ആർ., വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവരുടെ ഒരു

വാർഷിക ഇൻക്രിമെന്റ് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11(1)(iii)** പ്രകാരം ഒരു വർഷത്തേക്ക് സഞ്ചിതഫലം കൂടാതെ തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു.

2) ടി ശിക്ഷാനടപടിക്കെതിരെ ശ്രീ.രാജേഷ് ആർ, ശ്രീമതി ഉമാ രാജേശ്വരി എം എന്നിവർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജികൾ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3) അപ്പീൽ ഹർജിയിൽ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.രാജേഷ് ആർ. ചുവടെ ചേർക്കുംപ്രകാരം അറിയിക്കുകയുണ്ടായി;

"ദേവി എന്ന സ്ത്രീയുടെ വീട്ടിൽ ഉണ്ടായതായി പറയപ്പെടുന്ന അനധികൃത മദ്യകച്ചവടം അന്വേഷിക്കുന്നതിന് എന്നെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതാണ്, **Excise Range Office** ചിറ്റൂരിലെ എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശ പ്രകാരമുള്ള ഡ്യൂട്ടി ചെയ്യുക എന്നതാണ് എന്നിൽ നിഷിപ്തമായ ഉത്തരവാദിത്തം. ആയതു പ്രകാരം മേലധികാരി നിർദ്ദേശിക്കുന്ന ഡ്യൂട്ടിയെല്ലാം കൃത്യമായി ചെയ്തിട്ടുള്ളതാണ്. അന്വേഷണ വിചാരണ അധികാരി, അന്വേഷണ വിചാരണയിൽ മേൽ കാര്യം കണ്ടെത്തിയിട്ടുള്ളതും ആരോപിത കുറ്റം ഞാൻ ചെയ്തിട്ടില്ല എന്ന് വിചാരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

എന്നാൽ എക്സൈസ് കമ്മീഷണർ എൻക്വയറി ഓഫീസറുടെ അന്വേഷണ വിചാരണ റിപ്പോർട്ടിലെ കണ്ടെത്തലുകളോട് വിയോജിപ്പ് പ്രകടിപ്പിച്ചത് എന്ത് കാരണം കൊണ്ടാണെന്നും അതിൽ രേഖപ്പെടുത്തിയിട്ടില്ല. ബഹു: എൻക്വയറി ഓഫീസറുടെ കണ്ടെത്തൽ ശരിയല്ല എന്ന് കാര്യകാരണ സഹിതം അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

ബഹു: കേരള ഹൈക്കോടതിയിലെ **HON'BLE JUSTICE THOTTATHIL B RADHAKRISHNAN OP NO.6913/2002(W)** കേസിൽ **07/08/2007** ൽ പറഞ്ഞ വിധി ന്യായത്തിൽ "അന്വേഷണ വിചാരണയിൽ നിന്നുണ്ടാകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഒബ്ജക്ട് ചെയ്യാൻ പാടുള്ളൂ. എന്നാൽ നാച്ചുറൽ

ജസ്റ്റിസും സിവിൽ റൈറ്റും കുറ്റാരോപിതന് നിഷേധിക്കാൻ പാടില്ലാത്തതാണ്." അച്ചടക്ക അധികാരി എനിക്ക് നൽകിയ EXC/2168/2024/XE4 dt 20/06/2025 ഉത്തരവ് പരിശോധിച്ചാൽ മേൽ പറഞ്ഞ ബഹു: കേരളാ ഹൈക്കോടതിയിലെ വിധിന്യായം നഗ്നമായി ലംഘിച്ചതായി കാണാവുന്നതാണ്.

എനിക്കെതിരായ അച്ചടക്ക നടപടിയിൽ അന്വേഷണ വിചാരണ അധികാരി നടത്തിയ അന്വേഷണ റിപ്പോർട്ട് എനിക്ക് നിഷേധിക്കപ്പെടുകയാണ് ഉണ്ടായത്. പിന്നീട് 13/07/2026 തീയതിയിൽ വിവരാവകാശ നിയമത്തിൽ പ്രകാരം ഞാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി രേഖകൾ എനിക്ക് അനുവദിച്ചു കിട്ടിയത്. ശിക്ഷാ അധികാരി നിയമലംഘനത്തിന്റെ ഒരു പരമ്പര തന്നെ എന്നെ കുറ്റക്കാരനായി ശിക്ഷിക്കുന്നതിന് ഉപയോഗിച്ചതായി മേൽപ്പടി രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും.

IB യുടെ INPUT ലഭിക്കുന്ന സമയം Excise Range Office-ലെ എക്സൈസ് ഇൻസ്പെക്ടർ അവർകളുടെ 11-09-2023-ലെ 2/2023 ഉത്തരവ് പ്രകാരം പട്ടഞ്ചേരി പഞ്ചായത്ത്, ചിറ്റൂർ തത്തമംഗലം നഗരസഭ അടങ്ങുന്ന യൂണിറ്റിലെ അംഗമായിരുന്ന എന്നോടൊപ്പം ബിജുമോൻ കെ.ആർ., പുഷ്കരൻ കെ., ഉമ രാജേശ്വരി എം. എന്നിവരുമായിരുന്നു. ടി സമയത്ത് ശ്രീമതി ദേവിക്ക് എതിരെ യാതൊരുവിധ നടപടിക്കും ആധാരമായ കണ്ടെത്തൽ ഒന്നും നടന്നിട്ടില്ലാത്തതാണ്. പിന്നീട് എക്സൈസ് ഇൻസ്പെക്ടർ അവർകളുടെ 28-02-2024 തീയതിയിലെ 1/2004 ഉത്തരവിലെ Francis C.J. Assistant Excise Inspector, Prakash M.Grade-Preventive Officer, Prajitha, Woman Civil Excise Officer എന്നിവർ ആയിരുന്നു 24 ടി.വി. സംപ്രേഷണ സമയത്തും മേൽ സംഗതിയിൽ കേസ് രജിസ്റ്റർ ചെയ്യുന്ന സമയത്തും അംഗമായിരുന്നത്.

എന്നാൽ കുറ്റപത്രം തയ്യാറാക്കിയ സമയത്തും ഡിപ്പാർട്ട്മെന്റിന് വേണ്ടപ്പെട്ടവരെ ഒഴിവാക്കി, ഞാനടക്കമുള്ളവരെ തെരെഞ്ഞെടുത്ത് അച്ചടക്ക നടപടിക്ക് വിധേയമാക്കുക ആയിരുന്നു. Memo of Charges-ൽ പറയുന്ന ദേവിക്ക് എതിരെ 09-04-2024 ൽ Crime 37/2024 U/S 55(1) അബ്കാരി ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്ന സമയം സംഭവ സ്ഥലത്തിന്റെ പരിധി അടങ്ങുന്ന യൂണിറ്റിൽ ഫ്രാൻസിസ് സി.കെ., ജോസ് പ്രകാശ് എം., പ്രജിത എന്നീ

ഉദ്യോഗസ്ഥർ എന്നോടൊപ്പം ഉണ്ടായിരുന്നവരാണ്. അതിൽ എനിക്ക് എതിരെ മാത്രം അച്ചടക്ക നടപടി സ്വീകരിക്കുക വഴി മറ്റുള്ളവരെ ഒഴിവാക്കിയ സംഗതി തെറ്റായ നടപടി ആയിരുന്നു എന്ന വസ്തുത അങ്ങ് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്."

4) വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമാ രാജേശ്വരിയും ശ്രീ. രാജേഷ് ആർ. അപ്പീൽ ഹർജിയിൽ പറഞ്ഞിട്ടുള്ള അതേ കാര്യങ്ങൾ തന്നെയാണ് അറിയിച്ചിരുന്നത്. കൂടാതെ, നേരിൽ കേട്ട വേളയിൽ ടിയാൾ ചുവടെ ചേർക്കുന്ന കാര്യങ്ങളും അറിയിക്കുകയുണ്ടായി;

i. കുറ്റാരോപണ മെമ്മോ പ്രകാരം എന്റെ സഹ കുറ്റരോപിതരായിരുന്ന പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.ആർ.ബിജുമോൻ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.പുഷ്കരൻ കെ. എന്നിവർ ആരോപണ കാലയളവിൽ ചിറ്റൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്നില്ലെന്നാണ്. **Exhibit P 19** രേഖ പ്രകാരം ടി ഉദ്യോഗസ്ഥർ ഉൾപ്പെടെ മറ്റ് കുറ്റാരോപിതരെ യൂണിറ്റ് **2** പട്ടഞ്ചേരി, ചിറ്റൂർ -തത്തമംഗലം നഗരസഭ പ്രദേശങ്ങളിലെ രഹസ്യവിവരം ശേഖരിക്കുന്നതിനും, കേസുകൾ കണ്ടെത്തുന്നതിനും ചിറ്റൂർ റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ നിയോഗിച്ചിട്ടുള്ളതും, ഞാൻ ഉൾപ്പെടെയുള്ള യൂണിറ്റ് ഉദ്യോഗസ്ഥർ 'ടി ഉത്തരവ് നിലനിൽക്കുന്ന കാലയളിൽ' കുറ്റമറ്റരീതിയിലും ആത്മാർത്ഥതയോടെയും മേലുദ്യോഗസ്ഥരിൽ നിന്നും യാതൊരു വിധ പരാതികൾക്കും ഇട വരുത്താതെ പ്രവർത്തിച്ചിട്ടുള്ളതുമാണ്.

ii. പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.ആർ.ബിജുമോൻ **11.07.2023** മുതൽ **30.11.2023** വരെ ചിറ്റൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്നതും, ടി കാലയളവിൽ **06.08.2023** മുതൽ **03.10.2023** വരെ മീനാക്ഷിപുരം എക്സൈസ് ചെക്ക് പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിലുമായിരുന്നു. കൂടാതെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.പുഷ്കരൻ കെ. **30.06.2023** മുതൽ **14.12.2023** വരെ ചിറ്റൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ ജോലി ചെയ്തിട്ടുള്ളതാണ്. എന്നാൽ അന്വേഷണ വേളയിൽ ടി ഉദ്യോഗസ്ഥർ പ്രസ്തുത ആരോപണത്തിന് അടിസ്ഥാനമായ കാലയളവിൽ ചിറ്റൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ ജോലി

ചെയ്തിരുന്നില്ലെന്ന് കണ്ടെത്തി ടി ഉദ്യോഗസ്ഥരെ അച്ചടക്കനടപടികളിൽ നിന്നും കുറ്റവിമുക്തരാക്കി എക്സൈസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ നിന്നും ആരോപണ കാലഘട്ടമെന്നത് 24 ന്യൂസ് ചാനലിലൂടെ ശ്രീമതി ദേവി എന്നിവരുടെ മദ്യവിൽപന സംബന്ധിച്ച വീഡിയോ ദൃശ്യം പ്രചരിച്ചതും, ആയതിന് ടി ദേവിക്കെതിരെ ചിറ്റൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ അബ്കാരി ക്രൈം നമ്പർ 37/2024 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 09.04.2024 ആണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ചിറ്റൂർ റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടറുടെ 28.02.2024 തീയതിയിലെ 01/24 നമ്പർ ഓഫീസ് ഓർഡർ പ്രകാരം ടി കാലയളവിൽ "യൂണിറ്റ് II” ലെ കേസിനാസ്പദമായ പട്ടഞ്ചേരി എന്ന സ്ഥലത്തിന്റെ പൂർണചുമതല ഉദ്യോഗസ്ഥരായ അസി.എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സി.ജെ. ഫ്രാൻസിസ്, ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ രാജേഷ് ആർ., ജോസ് പ്രകാശ്, വനിത സിവിൽ എക്സൈസ് ഓഫീസർ പ്രജിത പി. എന്നിവരിൽ നിക്ഷിപ്തമായിരുന്നിട്ടുള്ളതും, മേൽ നമ്പർ ഓഫീസ് ഓർഡർ പ്രകാരം ഞാൻ പെരുമാട്ടി, എരുത്തേമ്പതി പഞ്ചായത്തുകൾ ഉൾപ്പെടുന്ന "യൂണിറ്റ് I” ന്റെ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥയുമായിരുന്നു. ആയതിനാൽ, മേൽ നമ്പർ ഓഫീസ് ഓർഡർ പ്രകാരം ആരോപണത്തിന് അടിസ്ഥാനമായ കാലയളവിൽ "യൂണിറ്റ് II” ൽ ഉൾപ്പെടുന്ന പട്ടഞ്ചേരി, വടകരപ്പതി പഞ്ചായത്തുകളുടെ അന്വേഷണത്തിനായി റെയിഞ്ച് ഇൻസ്പെക്ടർ എന്നെ നിയോഗിച്ചിട്ടില്ലാത്തതാണ്.

iii. മേൽ കാലയളവിൽ ടി യൂണിറ്റിന്റെ അന്വേഷണങ്ങൾക്കായി നിയോഗിക്കപ്പെട്ട ഉത്തരവാദിത്തമുള്ള മറ്റ് ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെ, ടി യൂണിറ്റിന്റെ ഭാഗത്തമല്ലാത്തതും മറ്റൊരു യൂണിറ്റിന്റെ അന്വേഷണങ്ങൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ എനിക്കെതിരെ നപടിയെടുത്തതിൽ എനിക്ക് നീതി നിഷേധമുണ്ടായിട്ടുണ്ട്.

iv. ഫോർമൽ എൻക്വയറി വേളയിൽ PW1 ആയിരുന്ന Excise Intelligence & Investigation Bureau ഇൻസ്പെക്ടർക്ക്, റിപ്പോർട്ടിലെ ഇൻപുട്ട് ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലേയ്ക്ക് കൈമാറിയിട്ടും റെയിഞ്ച് പാർട്ടി ആയതിൽ നടപടിയൊന്നും തന്നെ സ്വീകരിച്ചില്ലെന്ന് മേൽ കാലയളവിൽ അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥരെ അറിയിക്കേണ്ടതായി വന്നിട്ടുണ്ടോ എന്ന എന്റെ

ചോദ്യത്തിന് "ഇല്ല" എന്ന് മറുപടി നൽകിയിട്ടുള്ളതാണ്.

v. കൂടാതെ, 16.02.2026 തീയതിയിലെ സ.ഉ.(സാധാ) നം.180/2026/TAXES ഉത്തരവ് പ്രകാരം, കുറ്റാരോപിതനായിരുന്ന ചിറ്റൂർ റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.വിപിൻദാസ് അവർകൾ സമർപ്പിച്ച വിവരങ്ങൾ/രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ഔദ്യോഗിക മെയിലിൽ അല്ലാതെയും Input നമ്പരില്ലാതെയും ലഭിക്കുന്ന വിവരങ്ങൾ IB Input ആയി പരിഗണിക്കാൻ കഴിയുന്നതല്ലാതെയും ലഭിക്കുന്ന വിവരങ്ങൾ IB Input ആയി പരിഗണിക്കാൻ കഴിയുന്നതല്ലായെന്നതിനാലും ഈ വിഷയത്തിൽ അന്വേഷണം നടത്തുകയും മദ്യവില്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തുമായതിനാൽ വ്യക്തമായ തെളിവ് ലഭിക്കാതെ ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യുന്നത് മറ്റുതരത്തിലുള്ള ആരോപണങ്ങൾക്കും എക്സൈസ് വകുപ്പിന് അവമതിപ്പുണ്ടാക്കുന്നതിനും കാരണമാകുന്നതാണെന്ന് കാണുന്നുവെന്നും, വീട്ടിൽ മദ്യം വിൽക്കുന്നവെന്ന പരാതിയാണ് ആദ്യം ലഭിച്ചിരുന്നത് എന്നാൽ, ശ്രീമതി ദേവിയുടെ പേരിലുള്ള ഹോളോബ്രിക്സ് യൂണിറ്റിൽ നിന്നാണ് മദ്യം പിടിച്ചെടുത്തിട്ടുള്ളത്. ആയത് വ്യാജമദ്യവും ആയിരുന്നില്ല. കെ.എസ്.ബി.സി.യുടെ ഫോളോഗ്രാം സ്റ്റിക്കറുള്ള മദ്യം ആയിരുന്നു. കൂടാതെ ഈ വിഷയത്തിൽ എക്സൈസ് വകുപ്പ് സമർപ്പിച്ചിട്ടുള്ള അന്തിമ റിപ്പോർട്ട് കോടതി ഇതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. പരിഗണിക്കേണ്ടതല്ലാത്ത IB Input ന്റെ അടിസ്ഥാനത്തിൽ ഒരു സ്ത്രീക്കെതിരെ അന്വേഷണം നടത്തി കേസ് കണ്ടുപിടിച്ചിട്ടില്ല എന്ന കാരണത്തിന് ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് 96 ദിവസത്തിന് ശേഷം മറ്റൊരു ഓഫീസർ ടി സ്ത്രീക്കെതിരെ മദ്യ വില്പനയ്ക്ക്, അതും പരാമർശിത വ്യക്തിയുടെ താമസസ്ഥലം അല്ലാത്ത മറ്റൊരു ഷെഡ്ഡിൽ നിന്നും മദ്യം കണ്ടെടുത്ത് കേസെടുത്തുവെന്ന കാരണത്താൽ, ശ്രീ.വിപിൻദാസ് അവർകൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ അല്ലാതെ തടയുകയും ചെയ്തത് ഉചിതമായ നടപടിയായി സർക്കാർ കാണുന്നില്ലായെന്ന നിഗമനത്തിലെത്തിയിട്ടുള്ളതും, സ്വീകരിച്ച അച്ചടക്കനടപടി

മേൽനടപടി കൂടാതെ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

vi. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ (നിയമം) 30/04/2025 തീയതിയിലെ DCXL/A-750/2024(5) നമ്പർ അന്വേഷണ വിചാരണ റിപ്പോർട്ടിൽ വനിത സിവിൽ എക്സൈസ് ഓഫീസറായ ഞാൻ കുറ്റം ചെയ്തു എന്ന ആരോപണ ഭാഗത്തിന് തെളിവകൾ ഇല്ലെന്നും, എന്റെ പേരിലുള്ള ആരോപണം ഭാഗം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്താണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, തെളിയിക്കപ്പെടാത്ത ആരോപണത്തിൽ ബഹു.എക്സൈസ് കമ്മീഷണറുടെ 20.06.2025 തീയതിയിലെ EXC/2168/2024-XE4നമ്പർ ഉത്തരവ് പ്രകാരം എനിക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കൽ, നിയന്ത്രണം & അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ 11(1)(iii) പ്രകാരം എന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ കുറ്റം തെളിയിക്കപ്പെടാത്ത സാഹചര്യത്തിലും വ്യക്തമായ കാരണങ്ങൾ വെളിപ്പെടുത്താതെ എനിക്കെതിരെ ഏകപക്ഷീയമായി നടപടിയെടുത്തത് മൂലം എന്റെ അവകാശങ്ങൾ ഹനിക്കപ്പെടുകയും നീതി നിഷേധിക്കപ്പെടുകയുമാണുണ്ടായിട്ടുള്ളത്.

"ആയതിനാൽ മേൽ വിവരങ്ങൾ പ്രത്യേകം പരിഗണിച്ച് എന്റെ നിപരാധിത്വം ബോദ്ധ്യപ്പെടണമെന്നും എനിക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയിൽ നിന്നും നീതിയുക്തമായി എന്നെ പൂർണ്ണമായും കുറ്റവിമുക്തയാക്കണമെന്നും അഭ്യർത്ഥിക്കുന്നു".

5) ഈ വിഷയത്തിലെ എക്സൈസ് കമ്മീഷണറുടെ അഭിപ്രായം , ചുവടെ ചേർക്കുന്നു;

"പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ശ്രീമതി. ദേവി എന്ന സ്ത്രീ മദ്യക്കച്ചവടം തുടരുന്നത് സംബന്ധിച്ച് 27.09.2023-ൽ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ 245/23 നമ്പരായി ഇൻപുട്ട് നൽകിയിട്ടുള്ളതായും, അനധികൃത മദ്യകച്ചവടം നടത്തുന്ന ദേവിയുടെ മദ്യ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ലെന്നും,

അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചതായി മനസിലാക്കാൻ സാധിക്കുന്നില്ലെന്നും, മുൻകേസിലെ കുറ്റവാളികളെയും പ്രതികളെയും നിരീക്ഷണം നടത്തണമെന്ന് സ്പെഷ്യൽ ഡ്രൈവ് കാലയളവിലും അല്ലാതെയും എക്സൈസ് കമ്മീഷണറും, അഡീഷണൽ എക്സൈസ് കമ്മീഷണറും, നിരവധി തവണ നിർദേശങ്ങൾ നൽകിയിട്ടും, ടിവിയിൽ വാർത്ത വരത്തക്ക രീതിയിൽ തുടർച്ചയായി അനധികൃത മദ്യവിൽപ്പന നടക്കാൻ ഇടയായത് സമൂഹത്തിൽ എക്സൈസ് വകുപ്പിന്റെ യശ്ശസിന് കളങ്കമുണ്ടാക്കുന്നതിനും അവമതിപ്പ് ഉണ്ടാകുന്നതിനും ഇടയായതായും, ഇ.ഐ.&ഐ.ബി ഇൻപുട്ട് നൽകിയിട്ടും വേണ്ട ഗൗരവത്തോടെ കാണുകയോ നടപടി എടുക്കുകയോ ചെയ്തിട്ടില്ലെന്നും, ആയതിനാൽ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിൽ പ്രസ്തുത കാലയളവിൽ കൂടുതൽ കാലം ഓഫീസ് ചുമതലയിലുണ്ടായിരുന്ന എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എ. വിപിൻദാസ്, ടി യൂണിറ്റിന്റെ ചുമതലയുണ്ടായിരുന്ന പ്രിവൻറിവ് ഓഫീസർ ശ്രീ. ബിജുമോൻ കെ.ആർ, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. പുഷ്കരൻ.കെ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. രാജേഷ്.ആർ, വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമരാജേശ്വരി എന്നിവരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണെന്ന് കണക്കാക്കാവുന്നതാണെന്നും ഇ.ഐ.&ഐ.ബി. ജോയിൻ്റ് എക്സൈസ് കമ്മീഷണറുടെ CA IBJEC-01/24 നമ്പർ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

Excise Intelligence & Investigation Bureau ജോയിൻ്റ് എക്സൈസ് കമ്മീഷണറുടെ CA IBJEC-01/24 നമ്പർ പ്രകാരമുള്ള റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എ. വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ ശ്രീ. ബിജുമോൻ കെ.ആർ, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. പുഷ്കരൻ.കെ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. രാജേഷ്. ആർ, വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി. ഉമ രാജേശ്വരി എന്നിവർക്ക് ഈ ഓഫീസിലെ 23.07.2024-ലെ ഇതേ നമ്പർ കറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും, ആയതിനു എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എ. വിപിൻദാസ്, പ്രിവൻ്റീവ് ഓഫീസർ ശ്രീ.

കെ.ആർ. ബിജുമോൻ, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ് ആർ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. കെ. പുഷ്കരൻ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി. ഉമാരാജേശ്വരി. എം. എന്നിവർ യഥാക്രമം **07.08.2024, 09.08.2024, 12.08.2024, 12.08.2024, 05.08.2024** തീയതിയായി സമർപ്പിച്ച പ്രതിവാദ പത്രികകൾ സമർപ്പിക്കുകയുമുണ്ടായി.

കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക പ്രകാരം, **27.09.2023**-ൽ വണ്ടിത്താവളം ഭാഗത്തുള്ള ദേവി എന്ന സ്ത്രീ മദ്യ കച്ചവടം നടത്തുന്നതായി പാലക്കാട് ഇൻ്റലിജൻസ് ബ്യൂറോയിൽ നിന്നും വിവരം കിട്ടിയ അന്നേ ദിവസം തന്നെ എക്സൈസ് ഇൻസ്പെക്ടർ ടി പരാതി അന്വേഷിക്കുന്നതിനായി സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. പ്രമോദ്. കെ, സദാശിവൻ. ബി, എന്നിവരെ അയച്ചിരുന്നുവെന്നും, ടി വീട് നിലനിൽക്കുന്ന പരിസര പ്രദേശങ്ങളിൽ ചെന്ന് അന്വേഷിച്ചതിൽ വിൽപ്പനയുമായി ബന്ധപ്പെട്ട് ഉപകാര പ്രദമായ വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതുമാണെന്നും, ഇൻപുട്ടിൽ പരാമർശിക്കുന്ന പരിസരങ്ങളിൽ ഇൻപുട്ട് ലഭിക്കുന്നതിനു മുമ്പും ശേഷവും ഇൻസ്പെക്ടറുടെ നിർദ്ദേശാനുസരണം ടി യൂണിറ്റിലെ പ്രിവന്റീവ് ഓഫീസർമാരുമായും മറ്റു ജീവനക്കാരുമായും ചേർന്ന് വകുപ്പുതല വാഹനങ്ങളിലും, മഫ്ത്തിയിലും പരാതിയിൽ പറഞ്ഞിരിക്കുന്ന ദേവി എന്ന സ്ത്രീയുടെ വീട് നിൽക്കുന്ന പരിസരപ്രദേശങ്ങളിൽ അന്വേഷണം നടത്തി വന്നിട്ടുള്ളതായും, ടി സമയത്ത് മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട യാതൊന്നും ടി സ്ഥലത്ത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നും, ദേവി എന്ന സ്ത്രീയുടെ മദ്യ കച്ചവടം നിയന്ത്രിക്കുന്നതിനോ കേസ്സ് കണ്ടു പിടിക്കുന്നതിനോ ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ല എന്ന വാദം വസ്തുതകൾക്ക് വിരുദ്ധമാണെന്നും, സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ, മുൻ കേസിലെ കുറ്റവാളികളെയും പ്രതികളെയും നിരീക്ഷണം നടത്തിയിട്ടില്ലെന്ന വാദം ശരിയല്ലായെന്നും, ടി സ്ത്രീയുടെ വീട് നിൽക്കുന്ന സ്ഥലം രാഷ്ട്രീയതിപ്രസരമുള്ളയിടമായതിനാൽ വ്യക്തമായ തെളിവ് ലഭിച്ചതിന് ശേഷം മാത്രമാണ് വീട് പരിശോധിക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നതെന്നും, വ്യക്തമായ തെളിവുകൾ ലഭിക്കാതിരുന്നതിനാലാണ് മറ്റ് നടപടികൾ സ്വീകരിക്കാതിരുന്നതെന്നും, വീട് പരിശോധിക്കുന്നതടക്കമുള്ള നടപടികൾ

ഉൾപ്പെടെയുള്ള കാര്യങ്ങൾ ആത്മാർഥതയോടെയും കേസ് കണ്ടെത്തുന്നതിനായുള്ള അന്വേഷണവും നടത്തിയിട്ടുണ്ടെന്നും, പരിശോധന വിവരങ്ങൾ ജി.ഡി.യിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലായെന്നത് മനഃപൂർവമല്ലാതെ സംഭവിച്ചതാണെന്നും ബോധിപ്പിച്ചിട്ടുള്ളതും, ടിയാന്മാർ ആരോപണങ്ങൾ നിഷേധിച്ചിട്ടുള്ളതുമാണ്.

കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ **15.10.2024-EDOPKD/P1/641-2024** നമ്പർ കത്ത് പ്രകാരം അഭിപ്രായക്കുറിപ്പ് സമർപ്പിക്കുകയുണ്ടായി. ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിൽ ഒരു എക്സൈസ് ഇൻസ്പെക്ടർ, ഒരു അസിസ്റ്റൻ്റ് എക്സൈസ് ഇൻസ്പെക്ടർ, നാല് പ്രിവന്റീവ് ഓഫീസർ, **11** സിവിൽ എക്സൈസ് ഓഫീസർ, നാല് വനിത സിവിൽ എക്സൈസ് ഓഫീസർ, ഒരു എക്സൈസ് ഡ്രൈവർ എന്നിങ്ങനെയാണ് നിലവിൽ അനുവദിച്ച ജീവനക്കാരെന്നും, ടി ജീവനക്കാരിൽ ബഹു. കോടതി ഡ്യൂട്ടി, പാറാവ് ഡ്യൂട്ടി, വിമുക്തിയുമായി ബന്ധപ്പെട്ട ജോലികൾ തുടങ്ങിയ ഡ്യൂട്ടികൾ ഒഴികെയുള്ള ജീവനക്കാരെ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പരമാവധി മികച്ച രീതിയിൽ നടന്നുവരുന്നതായി ബോദ്ധ്യമായിട്ടുള്ളതായും പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണം, പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടും, ബന്ധപ്പെട്ട രേഖകളും, പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ (നിയമം) എൻക്വയറി ഓഫീസറായി നിയമിച്ചു ഈ ഓഫീസിലെ **06.11.2024**-ലെ **EXC/2168/2024-XE4** പ്രകാരം ഉത്തരവായിട്ടുള്ളതും, എൻക്വയറി പൂർത്തിയാക്കി ഡെപ്യൂട്ടി എക്സൈസ് കമ്മിഷണറുടെ (നിയമം) **30.04.2025**-ലെ **DCXL/A-750/2024** നമ്പർ ഫോർമൽ എൻക്വയറി പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

സ/ശ്രീ. ബിജുമോൻ കെ.ആർ, കെ. പുഷ്കരൻ, രാജേഷ്. ആർ, ശ്രീമതി.

രാജേശ്വരി എന്നിവർക്കെതിരായ ആരോപണങ്ങൾ വാച്യാന്വേഷണത്തിൽ തെളിയിക്കാൻ സാധിച്ചിട്ടില്ലായെന്നും, എന്നാൽ പാലക്കാട് ജില്ലയിൽ വണ്ടിത്താവളം ഭാഗത്ത് ദേവിയെന്ന സ്ത്രീ മദ്യ കച്ചവടം തുടരുന്നത് സംബന്ധിച്ച് **27.09.2023**-ൽ പാലക്കാട് ഇൻ്റലിജൻസ് ബ്യൂറോ **245/23** നമ്പറായി ഇൻപുട്ട് നൽകിയിട്ടുള്ള അനധികൃത മദ്യ കച്ചവടം നടത്തുന്ന ടിയാരിയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ എക്സൈസ് ഇൻസ്പെക്ടർ, ശ്രീ. എ. വിപിൻദാസ് നടപടി സ്വീകരിച്ചിട്ടില്ലായെന്നും ആയതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലായെന്നും, മദ്യക്കച്ചവടം നടത്തുന്ന ടിയാരിയുടെ വീട് പരിശോധിച്ചതായി ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുമുള്ള എക്സൈസ് ഇൻസ്പെക്ടർ ശ്രീ. വിപിൻദാസിനെതിരായ ആരോപണങ്ങൾ വാച്യാന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടുള്ളതായും ഫോർമൽ എൻക്വയറി പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഫോർമൽ എൻക്വയറി റിപ്പോർട്ടും, മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചിറ്റൂർ റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ബിജുമോൻ കെ. ആർ, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. പുഷ്കരൻ. കെ എന്നിവർ പ്രസ്തുത ആരോപണത്തിന് അടിസ്ഥാനമായ കാലഘട്ടത്തിൽ ചിറ്റൂർ റേഞ്ചിൽ ജോലി ചെയ്തിരുന്നില്ല എന്നത് പരിഗണിച്ചു പ്രിവന്റീവ് ഓഫീസർ ശ്രീ. ബിജുമോൻ കെ.ആർ, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. പുഷ്കരൻ. കെ എന്നിവരെ അച്ചടക്കനടപടികളിൽ നിന്നും കുറ്റവിമുക്തരാക്കി ഉത്തരവാകുകയുണ്ടായി.

ഫോർമൽ എൻക്വയറി റിപ്പോർട്ടും, പ്രതിവാദ പത്രികയും, മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പാലക്കാട് ഇൻറ്റലിജൻസ് ബ്യൂറോ ഇൻപുട്ട് നൽകിയിട്ടുള്ള അനധികൃത മദ്യ കച്ചവടം നടത്തുന്ന ടിയാരിയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ലായെന്നും ആയതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചില്ലായെന്നും, മദ്യക്കച്ചവടം നടത്തുന്ന ടിയാരിയുടെ വീട് പരിശോധിച്ചതായി പ്രത്യേകം ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലയെന്നുമുള്ള എക്സൈസ് ഇൻസ്പെക്ടറായിരുന്ന എ. വിപിൻദാസിനെതിരെയുള്ള ആരോപണങ്ങൾ

ശരിയാണെന്ന് ബോധ്യമാകുകയുണ്ടായി. കൂടാതെ പ്രിവൻ്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ്.ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി. ഉമ രാജേശ്വരി എന്നീ ഉദ്യോഗസ്ഥർക്കെതിരായ ആരോപണങ്ങൾ വ്യാച്യാന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് അംഗീകരിക്കാവുന്നതല്ലായെന്നും, ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന പ്രിവൻ്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ്. ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവരുടെ വാദം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലെ വീഴ്ച സാധൂകരിക്കുന്നതിന് പര്യാപ്തമല്ലാത്തതുമാണ്. ആയതിനാൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എ. വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ്, ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി **1960**-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കൽ, നിയന്ത്രണം & അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം **11(1) (iii)** പ്രകാരം ടിയാളുകളുടെ അടുത്ത വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ **(without cumulative effect)** ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഈ ഓഫീസിലെ **20.06.2025**-ലെ ഇതേ നമ്പർ പ്രകാരം ഉത്തരവുകയുണ്ടായി.

പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ്, ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവർ യഥാക്രമം **02.11.2025, 03.11.2025** തീയതിയായി അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ വണ്ടിത്താവളം ഭാഗത്ത് ദേവിയെന്ന സ്ത്രീ അനധികൃത മദ്യ കച്ചവടം നടത്തുന്ന ടിയാരിയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ ടിയാളുകൾ നടപടി സ്വീകരിച്ചിട്ടില്ലാത്തതും, ആയതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലായെന്നു ബോധ്യമായിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ ടിയാളുകൾ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പരിഗണനാർഹമല്ലായെന്ന വിവരം അറിയിക്കുന്നു."

**6)** ഇതേ അച്ചടക്ക നടപടിയിൽ ഉൾപ്പെട്ടതും, അപ്പീൽ അപേക്ഷ പ്രത്യേകമായി തീർപ്പാക്കിയതുമായ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ

ശ്രീ.വിപിൻദാസിന്റെ കേസ് സർക്കാർ പരിശോധിക്കുകയും പരിഗണിക്കേണ്ടതല്ലാത്ത ഒരു **IB input**-ന്റെ അടിസ്ഥാനത്തിൽ ഒരു സ്ത്രീക്കെതിരേ അന്വേഷണം നടത്തി കേസ് കണ്ടുപിടിച്ചില്ലായെന്ന കാരണത്തിന്, ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് **96** ദിവസത്തിനുശേഷം, മറ്റൊരു ഓഫീസർ ടി സ്ത്രീക്കെതിരെ മദ്യ വിൽപ്പനക്ക് കേസെടുത്തുവെന്ന കാരണത്താൽ, അതും പരാമർശിത വ്യക്തിയുടെ താമസസ്ഥലമല്ലാതെ മറ്റൊരു ഷെഡ്ഡിൽ നിന്നും, ശ്രീ വിപിൻ ദാസിനെതിരേ അച്ചടക്ക നടപടി ആരംഭിക്കുകയും, ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ അല്ലാതെ തടയുകയും ചെയ്ത നടപടി ഉചിതമായി കാണാത്തതിനാലും അത്തരം നടപടികൾ ജീവനക്കാരുടെ മനോവീര്യം കെടുത്താൻ മാത്രമേ ഉതകുകയുള്ളൂവെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും, ചിറ്റൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടറായിരുന്ന ശ്രീ.വിപിൻ ദാസിനെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11(1) (iii)** പ്രകാരം സഞ്ചിതഫലമില്ലാതെ ഒരു ഇൻക്രിമെന്റ് തടഞ്ഞ ശിക്ഷാ നടപടി പുനഃപരിശോധിച്ച്, ടിയാനെതിരേ ആരംഭിച്ച അച്ചടക്ക നടപടി മേൽ നടപടി കൂടാതെ തീർപ്പാക്കി പരാമർശം **(4)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**7)** ശ്രീ. വിപിൻദാസിനെതിരേയുള്ള അച്ചടക്ക നടപടി മേൽ നടപടി കൂടാതെ തീർപ്പാക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ, ടിയാന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരായിരുന്ന ശ്രീ.രാജേഷ് ആർ., പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്), ശ്രീമതി ഉമാ രാജേശ്വരി എം., വനിത സിവിൽ എക്സൈസ് ഓഫീസർ എന്നിവരുടെ കാര്യത്തിലും ബാധകമാണെന്ന് കാണുകയുണ്ടായി.

**8)** മേൽ സാഹചര്യത്തിൽ, ചിറ്റൂർ റേഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. രാജേഷ് ആർ., വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമാ രാജേശ്വരി എം. എന്നിവർക്കെതിരേ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11(1) (iii)** പ്രകാരം സഞ്ചിത ഫലമില്ലാതെ ഒരു ഇൻക്രിമെന്റ് തടഞ്ഞ ശിക്ഷാ നടപടി പുനഃപരിശോധിച്ച്, ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അപ്രകാരം പരാമർശം (2)-ലെ അപ്പീൽ ഹർജികൾ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/4/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 28-04-2026 11:48:04

സെക്ഷൻ ഓഫീസർ